തിരഞ്ഞെടുത്തെന്നെ തിരുഹിതം ചെയ്‌വാൻ
ദേവനിൽ കരുണയിതേ യോഗ്യത ലേശവുമില്ലാതെ
ആയുസ്സിലിതുപോലൊരു ഭാഗ്യം ആ ആ
ജയ ജയ ജീവിത രഹസ്യമിതേ
മരുവിലെ ജീവിത സമരത്തിൽ ... തിരഞ്ഞെടു

ഭയമിനി വേണ്ടാ യാക്കോബേയെന്ന്
യാഹവൻ അരുളിയതാൽ പോകുന്നു രക്ഷയിൻ വാർത്തയുമായ്
ജയം തരും ബലം തരും ദൂതു തരും ആ ആ
സന്നിധി കൂടങ്ങ് പോന്നീടും
പിന്നിവിടെന്തു ഭയന്നീടാൻ ... തിരഞ്ഞെടു

ദൂതരിൻ കാവൽ മേഘത്തിൻ തണലും
വാഗ്ദത്ത വചനവുമേ പാതയിൽ മുടങ്ങാതെ കിടന്നു
പാറയിൽ നിന്നുള്ള ശുദ്ധജലം ആ ആ
ദാഹം തീരെ കുടിച്ചീടാം
ക്ഷീണം തീർക്കുമതതി വേഗം ... തിരഞ്ഞെടു

വൈരിയിൻ പോരുകൾ അനുദിനം പെരുകി
സ്വസ്ഥതയില്ലാതെ പാദത്തിലണയുന്ന നേരത്തു
ഉന്നതൻ യേശുവിൻ സന്നിധിയെ ആ ആ
ഖിന്നത നീക്കുന്ന ഏകയിടം
ചാരുവനുത്തമമാറിടമേ ... തിരഞ്ഞെടു

തന്നതല്ലാ തി ഞ്ഞൊന്നുമില്ലീശാ
തന്നീടുന്നെന്നെയുമേ കുശവൻ കയ്യിൽ കളിമൺ പോൽ
തിരുഹിതമെതുപോലതുപോലെ ആ ആ
രൂപപ്പെടുത്തണമെന്നെയുമെ
സഹിപ്പതിനുള്ളോരു കൃപ മതിയേ ... തിരഞ്ഞെടു

അനുദിനം വരുമേ ശുദ്ധരിൻ കൂട്ടം
ദിക്കുകളിൽ നിന്നു ചേരുമന്നേഴയും അവരോട്
ശോഭിതം ആ സദ സവനാലെ ആ ആ
ഇരുളിൻ കണികയോ ഇല്ലവിടെ
കുഞ്ഞാടാണതിൻ ദീപമെന്ന് ... തിരഞ്ഞെടു